# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.699** **29.05.2019-ൽ മറുപടിക്ക്**

മറയൂർ സബ് സ്റ്റേഷൻ നിർമ്മാണം

| ചോദ്യം<br>ശ്രീ എസ്.രാജേന്ദ്രൻ | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|
| നിർദ്ദിഷ്ട മറയൂർ സബ് സ്റ്റേഷന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും അത് എപ്പോൾ പൂർത്തിയാക്കുവാനാകുമെന്നും വ്യക്തമാക്കാമോ? | നിർദ്ദിഷ്ട മറയൂർ സബ് സ്റ്റേഷന്റെ സൈറ്റ് നിരപ്പാക്കി, ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചു. കൺട്രോൾ റൂമിന്റെ നിർമ്മാണം 85% പൂർത്തിയാക്കി. അനുബന്ധ ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തു. ഉപകരണങ്ങൾ കിട്ടുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്.<br>**മൂന്നാർ - മറയൂർ 33 കെ.വി. ലൈൻ** :- മൂന്നാറിൽ നിന്നും മറയൂരിലേക്കുള്ള ലൈനിന്റെ രാജമല മുതൽ വാഗുവരൈ വരെയുള്ള റീച്ചിന്റെ നിർമ്മാണം പുരോഗമിക്കുന്നു. മറ്റു രണ്ട് റീച്ചുകളുടെ പണിയുടെ ടെണ്ടർ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.<br>**66 കെ.വി. ലൈൻ** :- പള്ളിവാസൽ മുതൽ മൂന്നാർ വരെയുള്ള 66 കെ.വി. ലൈനിന്റെ പ്രൊഫൈൽ സർവ്വേ എടുക്കുന്നു. ലൈൻ റൂട്ട് സ്ഥിരീകരിച്ചു.<br>**66 കെ.വി. സബ്സ്റ്റേഷൻ, മൂന്നാർ** :- നിർദ്ദിഷ്ട 66 കെ.വി. മൂന്നാർ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം കെ.ഡി.എച്ച്.പി. കമ്പനി കെ. എസ്.ഇ.ബി. ലിമിറ്റഡിന് വിട്ടുനൽകിയിട്ടില്ല. വിട്ടു നൽകുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ